**നം. എൽ.എഫ്.പി4/1621/2013** **തിയതി. 23-9-2013**

# തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും

## പ്രവർത്തനാവലോകന റിപ്പോർട്ട് 2013-14

## ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത്

## ലോക്കൽ ഫണ്ട് ഓഡിറ്റ് ജില്ലാ കാര്യാലയം പാലക്കാട്

LOCAL FUND AUDIT DEPARTMENT

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും* | *മേരിബന്നതിയോഫിലസ്,, ഡെപ്യൂട്ടി ഡയറക്ടർ* |
| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *26-8-2013 മുതൽ 31-8-2013 വരെ* |
| *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം* | *കെ.വി.അരവിന്ദാക്ഷൻ, ഓഡിറ്റ് ഓഫീസർ ടി.കെ.നസീർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ* |
| *പ്രവർത്തനാവലോകന റിപ്പോർട്ട് ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ വർഷം* | *2011-12* |

# ഉള്ളടക്കം


| ഭാഗം | വിഷയം | പേജ് നം. |
|---|---|---|
| I | ആമുഖം | 2 |
| II | ഓഡിറ്റ് ലക്ഷ്യങ്ങൾ | 3 |
| III | ഓഡിറ്റ് മാനദണ്ഡങ്ങൾ | 4 |
| IV | ഓഡിറ്റ് കണ്ടെത്തലുകൾ | 5–24 |
| V | ഓഡിറ്റ് നിരീക്ഷണങ്ങൾ | 25–26 |
| VI | ശുപാർശകൾ | 27 |


LOCAL FUND AUDIT DEPARTMENT



# I
# ആമുഖം

27.60 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ അതിർത്തി പങ്കിടുന്നത് വടക്ക് തൂതപ്പുഴയും കിഴക്ക് വെള്ളിനേഴി ഗ്രാമപഞ്ചായത്തും തെക്ക് തൃക്കടീരി, ചളവറ ഗ്രാമപഞ്ചായത്തുകളും പടിഞ്ഞാറ് നെല്ലായ ഗ്രാമപഞ്ചായത്തുമാണ്. ജനസംഖ്യ 20730 ഉള്ള ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്. ഒരു പ്രദേശത്തിന്റെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ ആ പ്രദേശത്തെ ചെറുതും വലുതുമായ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവരുടേതായ പങ്ക് വഹിക്കുന്നുണ്ട്. ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ സ്ഥിതിയും മറിച്ചല്ല. സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ വിവിധ വിഭാഗങ്ങളിലായി 39 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും സർക്കാർ തലത്തിൽ 4 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. ഇവയിൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളത് 2 സ്ഥാപനങ്ങളാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തിനു ലഭിക്കുന്ന വിവിധ ഫണ്ടുകളുപയോഗിച്ച് വിദ്യാഭ്യാസ മേഖലയ്ക്കായി വൈവിധ്യമാർന്ന പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നതിനുള്ള സാധ്യതയുണ്ട്. ഈ പശ്ചാത്തലത്തിൽ കൂടിയാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നിർദ്ദേശം കണക്കിലെടുത്ത് ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സർക്കാർ എൽ.പി/യു.പി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളും പഠനാന്തരീക്ഷവും കായിക വികസനവും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളെ അപേക്ഷിച്ച് എത്രത്തോളം മുന്നേറിയിട്ടുണ്ടെന്ന് അന്വേഷണ വിധേയമാക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുള്ളത്.

LOCAL FUND AUDIT DEPARTMENT

# II
# ഓഡിറ്റ് ലക്ഷ്യങ്ങൾ



- ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എൽ.പി/ യു.പി സ്കൂളുകളെ കണ്ടെത്തുക.
- എൽ.പി/യു.പി സ്കൂളുകളുടെ എല്ലാവിധ ഭൗതിക സാഹചര്യങ്ങളും മനസ്സിലാക്കുക.
- സ്കൂളുകളുടെ പഠനാന്തരീക്ഷം വിലയിരുത്തുക.
- അദ്ധ്യാപക – വിദ്യാർത്ഥി അനുപാതം വിലയിരുത്തുക
- ക്ലാസ്സ് മുറികളുടെ വലുപ്പം സർക്കാർ നിഷ്കർഷിക്കുന്ന വിധത്തിൽ ഉണ്ടോ എന്ന് പരിശോധിക്കുക.
- അവശ്യ പഠന സഹായികൾ ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കുക.
- കുട്ടികളുടെ എണ്ണവും യാത്രാ സൗകര്യവും വിലയിരുത്തുക.
- പി.ടി.എ യുടെ പ്രവർത്തനം വിലയിരുത്തുക.
- ഗ്രാമപഞ്ചായത്ത്, വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി നീക്കിവെക്കുന്ന തുക മനസ്സിലാക്കുക.
- വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി നീക്കിവെക്കുന്ന തുക മുഴുവൻ ചെലവഴിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.
- പഞ്ചായത്ത് നൽകുന്ന എസ്.എസ്.എ വിഹിതവും എസ്.എസ്.എ ഫണ്ടുപയോഗിച്ചു നടത്തുന്ന നിർമ്മാണ പ്രവർത്തനവും താരതമ്യം ചെയ്യുക.
- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശകൾ എത്രത്തോളം പദ്ധതി രൂപീകരണങ്ങളിൽ സ്വീകാര്യമായിട്ടുണ്ടെന്ന് വിലയിരുത്തുക.
- വിദ്യാഭ്യാസ മേഖലയിലെ പൊതുവായ പ്രശ്നങ്ങൾ വിലയിരുത്തുക.

LOCAL FUND AUDIT DEPARTMENT



# III

# ഓഡിറ്റ് മാനദണ്ഡങ്ങൾ

വിദ്യാഭ്യാസ മേഖലയിൽ ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് നടത്തിയ ഇടപെടലുകളും അതിലൂടെ വിദ്യാഭ്യാസ നിലവാരത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ചും പഠിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്.

- ✓ 11, 12 പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖകളിലെ വ്യവസ്ഥകൾ.
- ✓ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ.
    - ○ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 വകുപ്പ് 1–ാം ഉപവകുപ്പ് 3–ാം പട്ടികയിൽ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഇനം X ൽ സർക്കാർ പ്രീ–പ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്.
- ✓ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ.
- ✓ വിദ്യാഭ്യാസ മേഖലയിലെ സ്ഥിതിവിവര കണക്കുകൾ.

LOCAL FUND AUDIT DEPARTMENT






## 1. ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം

ബഡ്സ് സ്കൂൾ മുതൽ കോളേജുകൾ വരെയായി 39 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**പട്ടിക – 1**

| സ്ഥാപനം | സർക്കാർ/ത.സ്വ.ഭ.വ | എയ്ഡഡ് | അൺ-എയ്ഡഡ് |
|---|---|---|---|
| എൽ.പി | 1 | 10 | 1 |
| യു.പി | 1 | 2 | 3 |
| ഹൈസ്കൂൾ | 1 | – | 1 |
| ഹയർ സെക്കന്ററി സ്കൂൾ | 1 | – | – |
| കോളേജുകൾ | – | – | 3 |
| ബഡ്സ് സ്കൂൾ | – | – | 1 |
| പാരലൽ കോളേജ് | – | – | 8 |
| പി.എസ്.സി കോച്ചിങ് സെന്റർ | – | – | 3 |
| ട്രെയിനിങ് സ്ഥാപനങ്ങൾ | – | – | 3 |
| **ആകെ** | **4** | **12** | **23** |

LOCAL FUND AUDIT DEPARTMENT



***"Education is not the learning of facts, but the training of the mind to think"***
*-Albert Einstein*

## 2. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന വിവരങ്ങൾ

68 വർഷം മുതൽ 115 വർഷം വരെ പഴക്കമുള്ള എൽ.പി/യു.പി സ്കൂളുകളാണ് പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്നത്. ഇവയുടെ പഠനാന്തരീക്ഷവും ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുന്നതിനായി ജനകീയാസൂത്രണ പദ്ധതി നിലവിൽ വന്നതോടുകൂടി നിരവധി സാധ്യതകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കൈവന്നിട്ടുണ്ട്. ഇപ്രകാരമുള്ള ഇടപെടലുകൾ ഉണ്ടായിട്ടും സർക്കാർ/എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്ന സ്ഥിതിവിശേഷമാണുള്ളത്. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

**പട്ടിക – 2**

| ക്രമ നം. | വിദ്യാഭ്യാസ സ്ഥാപനം | സ്ഥാപിതമായ വർഷം | കുട്ടികളുടെ എണ്ണം | ക്ലാസ്സ്/ ഡിവിഷനുകളുടെ എണ്ണം | ശരാശരി കുട്ടികൾ | % |
|---|---|---|---|---|---|---|
| 1 | ജി.എൽ.പി.എസ്, കരുമാനാംകുറുശ്ശി | 1929 | 47 | 4 | 12 | 1.93 |
| 2 | എ.ഡി.എൽ.പി.എസ്, ചെർപ്പുളശ്ശേരി | 1919 | 178 | 8 | 22 | 7.30 |
| 3 | എ.എൽ.പി.എസ്, ചെർപ്പുളശ്ശേരി | 1930 | 113 | 4 | 28 | 4.63 |
| 4 | എ.എൽ.പി.എസ്, ചെർപ്പുളശ്ശേരി സൗത്ത് | 1898 | 64 | 4 | 16 | 2.62 |
| 5 | എ.എൽ.പി.എസ്, പന്നിയങ്കുറുശ്ശി ഈസ്റ്റ് | 1911 | 56 | 4 | 14 | 2.30 |
| 6 | എ.എൽ.പി.എസ്, പന്നിയങ്കുറുശ്ശി വെസ്റ്റ് | 1921 | 92 | 4 | 23 | 3.77 |
| 7 | എ.എൽ.പി.എസ്, തെക്കുമുറി | 1938 | 141 | 8 | 18 | 5.78 |
| 8 | എ.എൽ.പി.എസ്, വടക്കുമുറി | 1905 | 48 | 4 | 12 | 1.97 |
| 9 | എ.എം.എൽ.പി.എസ്, ചെർപ്പുളശ്ശേരി നോർത്ത് | 1922 | 121 | 4 | 30 | 4.96 |
| 10 | എ.എം.എൽ.പി.എസ്, ചെർപ്പുളശ്ശേരി സൗത്ത് | 1915 | 130 | 5 | 26 | 5.33 |
| 11 | ബി.വി.എ.എൽ.പി.എസ്, കാറൽമണ്ണ | 1900 | 86 | 5 | 17 | 3.53 |
| 12 | ജി.യു.പി.എസ്, ചെർപ്പുളശ്ശേരി | 1906 | 395 | 11 | 36 | 16.19 |
| 13 | എ.യു.പി.എസ്, കരുമനാംകുറുശ്ശി | 1945 | 158 | 7 | 23 | 6.48 |
| 14 | എൻ.എൻ.എൻ.എം.യു.പി.എസ്, കാറൽമണ്ണ | 1936 | 810 | 20 | 41 | 33.21 |
| | | *ആകെ* | **2439** | | | |

LOCAL FUND AUDIT DEPARTMENT

- ഒരു ക്ലാസ്സിൽ ശരാശരി 15 കുട്ടികൾ – 3 സ്കൂളുകൾ
- ഒരു ക്ലാസ്സിൽ ശരാശരി 20 കുട്ടികൾ – 3 സ്കൂളുകൾ
- ഒരു ക്ലാസ്സിൽ ശരാശരി 30 കുട്ടികൾ – 3 സ്കൂളുകൾ
- ഒരു ക്ലാസ്സിൽ ശരാശരി 36 കുട്ടികൾ – 1 സ്കൂൾ
- ഒരു ക്ലാസ്സിൽ ശരാശരി 41 കുട്ടികൾ – 1 സ്കൂൾ

**ആകെയുള്ള 2439 കുട്ടികളിൽ 50 % പേർ ഒരു സർക്കാർ സ്കൂളിലും ഒരു എയ്ഡഡ് സ്കൂളിലും പഠിക്കുന്നവരാണ്. ബാക്കിയുള്ള 50% വിദ്യാർത്ഥികൾ മറ്റുള്ള 12 വിദ്യാലയ ങ്ങളിലായാണ് പഠിക്കുന്നത്.**



LOCAL FUND AUDIT DEPARTMENT

**3. തദ്ദേശ സ്വയം ഭരണ സ്ഥാപനം 2011–12, 2012–13 വർഷങ്ങളിൽ വിദ്യാഭ്യാസ**

## മേഖലയ്ക്കുവേണ്ടി നീക്കിവെച്ച തുകകൾ

സ്കൂളുകളുടെ ഭൗതിക സാഹചര്യവും പഠനാന്തരീക്ഷവും മെച്ചപ്പെടുത്തുന്നതിനായി നിരവധി ഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഉപയോഗിക്കാവുന്നതാണ്. ഇതുപ്രകാരം 2011–12, 2012–13 വർഷങ്ങളിൽ വിദ്യാഭ്യാസമേഖലക്കായി നീക്കിവെച്ച വിവിധ തുകകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**പട്ടിക – 3**

| വർഷം | തനതു ഫണ്ട് | വികസന ഫണ്ട് | സംരക്ഷണ ഗ്രാന്റ് | എസ്.എസ്.എ വിഹിതം | എം.എൽ.എ/ എം.പി. ഫണ്ട് | മറ്റിനങ്ങൾ |
|---|---|---|---|---|---|---|
| 2011–12 | 0 | 1675665 | 0 | 0 | 0 | 0 |
| 2012–13 | 450000 | 1255391 | 0 | 0 | 0 | 0 |

## 4. നീക്കിവെച്ച തുകകളുടെ പര്യാപ്തത വിലയിരുത്തൽ

LOCAL FUND AUDIT DEPARTMENT

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായും 2011–12, 2012–13 എന്നീ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക സ്കൂളുകളുടെ പരാധീനതകൾക്ക് പരിഹാരമാകുന്നില്ല.

ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയിട്ടുള്ളത് 2 സ്കൂളുകളാണ്.

1. ജി.എൽ.പി.എസ്, കരുമാനാംകുറിശ്ശി
2. ജി.യു.പി.എസ്, ചെർപ്പുളശ്ശേരി

ജി.എൽ.പി.എസ്, കരുമാനാംകുറിശ്ശി ഉൾപ്രദേശത്താണ് സ്ഥിതി ചെയ്യുന്നത് എന്നതിനാൽ സ്കൂളിലെ കുട്ടികളുടെ എണ്ണം ഒരു ക്ലാസ്സിൽ ശരാശരി 12 ആണ്. സ്കൂളിന് സ്വന്തമായ സ്ഥലവും ഒരു പുതിയ കെട്ടിടവും ലഭ്യമാക്കിയെന്നത് എടുത്തുപറയത്തക്ക നേട്ടമാണ്. മെച്ചപ്പെട്ട ക്ലാസ്സ് മുറികളുടെ ലഭ്യത ഇവയിൽ ഉറപ്പുവരുത്തിയിട്ടുങ്കിലും കുട്ടികളുടെ എണ്ണം മെച്ചപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തും, സ്കൂൾ അധികൃതരും കൂടുതൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

ജി.യു.പി.എസ്, ചെർപ്പുളശ്ശേരി സ്ഥിതി ചെയ്യുന്നത് ചെർപ്പുളശ്ശേരി ടൗണിനോട് ചേർന്നാണ്. കുട്ടികളുടെ എണ്ണം ഒരു ക്ലാസ്സിൽ ശരാശരി 36 ആണ്. പഞ്ചായത്തിലെ മറ്റു സ്കൂളുകളെ അപേക്ഷിച്ച് ഇവിടെ ഭൗതിക സാഹചര്യം വളരെ മോശമായ അവസ്ഥയിലാണുള്ളത്. സ്കൂളിൽ വിവിധ പ്രൊജക്ടുകൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തതായി കാണുന്നില്ല.

- **വിവിധ ഫണ്ടുകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള യാതൊരു പദ്ധതികളും കഴിഞ്ഞ 2 വർഷങ്ങളിൽ പഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ല. ഈ വർഷങ്ങളിൽ സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് സ്കൂളുകളുടെ അറ്റകുറ്റപണികളും നടത്തിയിട്ടില്ല. എസ്.എസ്.എ വിഹിതം നൽകുകയോ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.**

## 5. വിദ്യാഭ്യാസ മേഖലയിൽ 11–ാം പദ്ധതി കാലയളവിലും 12–ാം പദ്ധതിയുടെ ആദ്യ വർഷവും (2012–13) നടത്തിയ ചെലവുകൾ

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ എൽ.പി/യു.പി സ്കൂളുകൾക്ക് വേണ്ടി വിവിധ പ്രൊജക്ടുകളും എയ്ഡഡ് മേഖലയിലെ എൽ.പി/യു.പി സ്കൂളുകൾക്ക് ഫാൻ വിതരണത്തിനായുള്ള പ്രൊജക്ടും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ 11–ാം പഞ്ചവത്സര പദ്ധതി കാലയളവിലും 12–ാം പദ്ധതിയുടെ തുടക്കത്തിലും ഏറ്റെടുത്ത പ്രോജക്ടുകൾ മുഴുവൻ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

**പട്ടിക – 3**

| പദ്ധതി വർഷം | വിദ്യാഭ്യാസ പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയവ | അടങ്കൽ ` | ചെലവ് ` | ചെലവു ശതമാനം |
|---|---|---|---|---|---|
| 2007–08 | 5 | 4 | 613648 | 568711 | 92.68 |
| 2008–09 | 4 | 3 | 648769 | 591900 | 91.23 |
| 2009–10 | 5 | 4 | 1265949 | 949530 | 75.01 |
| 2010–11 | 6 | 5 | 1677964 | 1556483 | 92.76 |
| 2011–12 | 6 | 3 | 1675665 | 637075 | 38.02 |
| 2012–13 | 8 | 5 | 1705391 | 1317746 | 77.27 |




*"By education I mean an all-round drawing out of the best in the child and man; body, mind and spirit"*



LOCAL FUND AUDIT DEPARTMENT




വിവിധ വർഷങ്ങളിൽ വിദ്യാഭ്യാസ മേഖലക്കായി നീക്കിവെച്ച തുകയും ചെലവും

- **സ്കൂളുകളുടെ ആവശ്യകതകളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും അതിനനുസരിച്ച് പ്രൊജക്ടുകൾ ആവിഷ്ക്കരിക്കുവാനും അവ മുഴുവൻ നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.**

## 6. അടിസ്ഥാന സൗകര്യങ്ങൾ

പഞ്ചായത്തിന്റെ പരിധിയിൽ രണ്ട് സർക്കാർ സ്കൂളുകളാണ് ഉള്ളത്. ഇവയ്ക്ക് രണ്ടിനും സ്വന്തമായി കെട്ടിടം നിലവിലുണ്ട്.

ജി.എൽ.പി സ്കൂളിന് 2008-09 വർഷത്തിലാണ് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുവാൻ തുടങ്ങിയത്. നിർമ്മാണം ഭാഗികമായി പൂർത്തിയാക്കി സ്കൂൾ പ്രവർത്തിക്കുവാൻ തുടങ്ങിയിട്ടുണ്ടെങ്കിലും മുഴുവൻ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടില്ല. ചുറ്റുമതിൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുണ്ട്. കോമ്പൗണ്ടിനോട് ചേർന്ന് ഒരു ഓപ്പൺ കിണർ ഉള്ളതിൽ ആൾമറ കെട്ടിയിട്ടില്ല. കളിസ്ഥലവും ഉപയോഗ പ്രദമല്ല.

ജി.യു.പി സ്കൂളിൽ ഭൗതിക സാഹചര്യം വളരെ മോശമായ അവസ്ഥയിലാണുള്ളത്.

LOCAL FUND AUDIT DEPARTMENT

## 7. അടിസ്ഥാന സൗകര്യങ്ങളുടെ പര്യാപ്തത

ജി.എൽ.പി സ്കൂളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്.

ജി.യു.പി സ്കൂളിൽ കെട്ടിടങ്ങൾ മിക്കവയും ഓടിട്ടവയാണ്. ലാബ് ഇനങ്ങൾ ഉണ്ടെങ്കിലും ഇവ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഇല്ല. എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് ഓഫീസിനോട് ചേർന്ന് മുകളിൽ ഒരു ക്ലാസ്സ് മുറി അനുവദിച്ചിട്ടുണ്ടെങ്കിലും അവ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കളിസ്ഥലം ഇല്ലാത്തത് ഒരു വലിയ അപാകതയായി അവശേഷിക്കുന്നു.

## 8. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക നിലവാരം ഉയർത്താൻ തദ്ദേശ സ്ഥാപനം ചെലവഴിച്ച തുകകളുടെ വിവരം (2010–11, 2011–12, 2012–13)

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ എൽ.പി/യു.പി സ്കൂളുകളുടെ ഭൗതിക നിലവാരം ഉയർത്താൻ 2010–11 മുതൽ 2012–13 വരെയുള്ള വർഷങ്ങളിൽ ആകെ 9,90,000/– രൂപയാണ് ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്. ഇതുമൂലം ജി.എൽ.പി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ജി.യു.പി സ്കൂളിന്റെ വികസനത്തിൽ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ ചെലവഴിച്ച തുകകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

**പട്ടിക – 4**

| സ്ഥാപനം | പദ്ധതി | വർഷം | തുക |
|---|---|---|---|
| ജി.എൽ.പി.എസ്, കരുമാനാംകുറുശ്ശി | കെട്ടിട നിർമ്മാണം | 2010–11 | 300000 |
| | കിണർ നിർമ്മാണം | 2010–11 | 40000 |
| | ചുറ്റുമതിൽ | 2010–11 | 150000 |
| | കെട്ടിട നിർമ്മാണം (തനതുഫണ്ട്) | 2012–13 | 450000 |
| ജി.യു.പി.എസ്, ചെർപ്പുളശ്ശേരി | ഫർണീച്ചർ (പ്ലാൻ) | 2011–12 | 50000 |

- **പദ്ധതി ഫണ്ടും, മെയിന്റനൻസ് ഫണ്ടും ആവശ്യമായ മേഖലകളിൽ ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട ഭൗതികസാഹചര്യവും പഠനാന്തരീക്ഷവും സൃഷ്ടിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.**



*കണ്ണെത്താ ദൂരെ ഒരു കുട്ടിക്കാലം.........*

LOCAL FUND AUDIT DEPARTMENT

## 9. വിദ്യാഭ്യാസ സ്ഥാപനം നേരിടുന്ന പ്രധാന പോരായ്മകൾ

ജി.എൽ.പി.എസ്, കരുമാനാംകുറുശ്ശി പുതിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാലും കുട്ടികളുടെ എണ്ണം വളരെ കുറവായതിനാലും ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം 20/10 ൽ കൂടുതൽ ആയതിനാലും ക്ലാസ്സുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ട നിലയിലാണ്. എന്നാൽ ഗ്രൗണ്ടിന് സ്ഥലം ലഭ്യമായിട്ടും അവ നിരപ്പല്ലാത്തതിനാലും ഒരു ഭാഗത്ത് ആൾമറയില്ലാത്ത ഓപ്പൺ കിണർ സ്ഥിതിചെയ്യുന്നതിനാലും കളിസ്ഥലം ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

ജി.യു.പി.എസ്, ചെർപ്പുളശ്ശേരിയിൽ പ്രോയോജനപ്പെടുത്താവുന്ന തരത്തിൽ ഗ്രൗണ്ട് സംവിധാനം ഇല്ല. കമ്പ്യൂട്ടർ സംവിധാനം പര്യാപ്തമല്ല. 1 ഡെസ്ക്ടോപ്, 3 ലാപ്ടോപ് എന്നിവയാണ് ആകെയുള്ള 395 വിദ്യാർത്ഥികൾക്കും കൂടി ഉള്ളത്.

## 10. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടത്തിന്റെ നിലവാരം സംബന്ധിച്ചുള്ള വിവരങ്ങൾ

ജി.എൽ.പി സ്കൂളിന് കോൺക്രീറ്റ് കെട്ടിടങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. എന്നാൽ ജി.യു.പി സ്കൂളിൽ കോൺക്രീറ്റ് കെട്ടിടവും ഓടിട്ടതും ഷീറ്റ് ഇട്ടതുമായ കെട്ടിടങ്ങളുമുണ്ട്. ഇവയിലാണ് 11 ഡിവിഷനുകളും ഓഫീസും പ്രവർത്തിക്കുന്നത്. വിശദവിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ജി.എൽ.പി.എസ്, കരുമാനാംകുറുശ്ശി | – കോൺക്രീറ്റ് കെട്ടിടം | – 1 |
| | • 5 മുറികൾ | |
| ജി.യു.പി.എസ്, ചെർപ്പുളശ്ശേരി | – കോൺക്രീറ്റ് കെട്ടിടം | – 1 |
| | – ഓടിട്ട കെട്ടിടം | – 3 |
| | – ഷീറ്റിട്ട കെട്ടിടം | – 1 |

## 11. സ്കൂളിനു കെട്ടിട സൗകര്യം ഒരുക്കാൻ ആവിഷ്ക്കരിച്ച പ്രൊജക്ടുകളുടെ വിവരം

ജി.എൽ.പി സ്കൂൾ, കരുമാനാംകുറുശ്ശിക്ക് സ്വന്തമായി കോൺക്രീറ്റ് ബിൽഡിംഗ് നിർമ്മിച്ചു കൊടുക്കാൻ പ്രൊജക്ട് ആവിഷ്കരിക്കുകയും അവ വിവിധ വർഷങ്ങളിലായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജി.യു.പി സ്കൂളിന്റെ ഓടിട്ടതും, ഷീറ്റിട്ടതുമായ കെട്ടിടങ്ങൾക്കു പകരം ഒന്നിലധികം നിലകളോടുകൂടിയ കോൺക്രീറ്റ് കെട്ടിടം പണിയുകയാണെങ്കിൽ കൂടുതൽ സ്ഥല ലഭ്യത ഉണ്ടാവുകയും ആയത് കളിസ്ഥലമായി ഉപയോഗപ്പെടുത്താവുന്നതുമാണ്.

LOCAL FUND AUDIT DEPARTMENT

## 12. സ്തംഭനാവസ്ഥയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

പൂർത്തികരിക്കുവാൻ ബാക്കിയായ നിർമ്മാണ പ്രവർത്തനങ്ങൾ പഞ്ചായത്തു പരിധിയിലെ ജി.എൽ.പി/ജി.യു.പി സ്കൂളുകളിൽ നിലവിലുണ്ട്. ഫണ്ട് തികയാത്തതിനാൽ ലഭിച്ച ഫണ്ടുപയോഗിച്ച് താല്ക്കാലികമായി പ്രവൃത്തി പൂർത്തീകരിക്കുകയാണുണ്ടായത്. ഏറ്റെടുത്ത പ്രവർത്തനങ്ങൾ സാർത്ഥകമാക്കുന്നതിനാവശ്യമായ ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

**ജി.യു.പി.എസ് ചെർപ്പുളശ്ശേരിയുടെ പൂർത്തീകരിക്കാത്ത ക്ലാസ്സ് റൂം**



LOCAL FUND AUDIT DEPARTMENT

പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിവരം പട്ടിക 5 ൽ കൊടുത്തിട്ടുണ്ട്.

**പട്ടിക – 5**

| പ്രൊജക്ടിന്റെ പേര് | വർഷം | അടങ്കൽ ` | ചെലവ് ` | പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം |
|---|---|---|---|---|
| ജി.യു.പി.എസ്, ചെർപ്പുളശ്ശേരി– **ഹെഡ്മാസ്റ്ററുടെ റൂം നിർമ്മാണം** | 2010–11 | 310000 (എസ്.എസ്.എ) | 400000 (അധിക തുക പി.ടി.എ ഫണ്ടിൽ നിന്നും ചെലവഴിച്ചു) | ഒരു മുറിയ്ക്കുള്ള വിഹിതമാണ് എസ്.എസ്.എ നൽകിയത്. നിലവിലുള്ള കെട്ടിടത്തിൽ സ്റ്റെയർ റൂം കെട്ടി ഫസ്റ്റ് ഫ്ളോറിൽ ഒരു മുറി നിർമ്മിക്കുക വഴി അനാവശ്യമായ സ്ഥലം ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയും പദ്ധതിയിൽ ഉൾപ്പെടാത്ത സ്റ്റെയർ റൂം നിർമ്മാണത്തിന് തുക കൂടുതലായി ചെലവാകുകയും ചെയ്തു. പി.ടി.എ ഫണ്ടിൽ നിന്നും 90000/– രൂപ കൂടി ഉൾപ്പെടുത്തിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇവ പൂർത്തീകരിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. |
| ജി.എൽ.പി.എസ്, കരുമാനാംകുറുശ്ശി – **കുടിവെള്ളം** | 2007–08 | 40000 (തനതു ഫണ്ട്) | 45000 (അധിക തുക പി.ടി.എ ഫണ്ടിൽ നിന്നും ചെലവഴിച്ചു) | കിണറിന്റെ അടിഭാഗം പാറയായതിനാൽ അവ പൊട്ടിക്കാനുള്ള ചെലവും വേണ്ടി വന്നതിനാൽ തുക തികഞ്ഞില്ല. കിണർ നിർമ്മാണം പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. |
| ജി.എൽ.പി.എസ്, കരുമാനാംകുറുശ്ശി – **ചുറ്റുമതിൽ** | 2010–11 | 150000 | 155000 (അധിക തുക പി.ടി.എ നൽകി) | ഒരു ഭാഗത്തിന്റെ നിർമ്മാണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. സ്ഥലം പാറയായതിനാൽ അവ പൊട്ടിക്കേണ്ടതുണ്ട്. |

LOCAL FUND AUDIT DEPARTMENT

## 13. ലക്ഷ്യം കൈവരിക്കാത്ത നിർമ്മാണ പ്രവൃത്തികൾ

ചെർപ്പുളശ്ശേരി ജി.യു.പി സ്കൂളിന് ഹെഡ്മാസ്റ്ററുടെ മുറി 2010–11 ൽ നിർമ്മാണം ഏറ്റെടുത്തു നടത്തിയെങ്കിലും നാളിതുവരെ അവ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടില്ല.

## 14. പി.ടി.എ. ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ

ജി.എൽ.പി.എസ്, കരുമാനാംകുറുശ്ശിയിൽ കെട്ടിട നിർമ്മാണം പി.ടി.എ യുടെ മേൽനോട്ടത്തിലാണ് നടന്നിട്ടുള്ളത്.

## 15. ഭൂമി പ്രയോജനപ്പെടുത്താതിരിക്കൽ

വാങ്ങിയ ഭൂമി പ്രയോജനപ്പെടുത്താത്ത അവസ്ഥ ഉണ്ടായിട്ടില്ല.

## 16. ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

തദ്ദേശ സ്ഥാപനത്തിന്റെ കീഴിലുള്ള എല്ലാ സ്കൂൾ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട്.

## 17. കളിസ്ഥലം

ആകെയുള്ള രണ്ട് സർക്കാർ സ്കൂളുകളിലും അവശേഷിക്കുന്ന എയ്ഡഡ് സ്കൂളുകളിലും ആവശ്യത്തിന് കളിസ്ഥലം ഇല്ല. കായിക ഇനങ്ങൾ പഠനത്തിന്റെ അവിഭാജ്യ ഘടകമാണെന്നിരിക്കെ വിദ്യാർത്ഥികളുടെ കായികശേഷിയെ പരിപോഷിപ്പിക്കേണ്ടത് ആവശ്യമാണ്. ഗ്രൗണ്ട് സംവിധാനം ഒരുക്കാത്തത് ഒരു വീഴ്ചയായി കാണുന്നു. ഇവ ലഭ്യമാക്കാനുള്ള നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

- **ജി.എൽ.പി സ്കൂളിന് നിലവിൽ ഗ്രൗണ്ട് ഉണ്ടെങ്കിലും ഇവ ഉപയോഗിക്കാൻ പറ്റാത്ത വിധത്തിൽ ചെരിവായി കിടക്കുകയാണ്. ഇത് മണ്ണിട്ട് നിരപ്പാക്കിയാൽ ഒന്നാംതരം കളിസ്ഥലമായി ഉപയോഗപ്പെടുത്താവുന്നതാണ്.**

## 18. കളിക്കളങ്ങൾ, കളിയുപകരണങ്ങൾ

വിവിധ കളികൾക്ക് പ്രത്യേകമായ കളിസ്ഥലങ്ങൾ ലഭ്യമല്ല. കളിയുപകരണങ്ങളും ആവശ്യത്തിനില്ല.



ജി.യു.പി.എസ് ചെർപ്പുളശ്ശേരിയുടെ സൗകര്യങ്ങളില്ലാത്ത ഗ്രൗണ്ട്

LOCAL FUND AUDIT DEPARTMENT

## 19. ലൈബ്രറിയുടെ പ്രവർത്തനം

ഗവൺമെന്റ് യു.പി സ്കൂളിൽ 2201 പുസ്തകങ്ങളും ഗവൺമെന്റ് എൽ.പി. സ്കൂളിൽ 790 പുസ്തകങ്ങളും സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ ഓരോ ക്ലാസ്സിലുമുള്ള ബ്യൂറോയിൽ സൂക്ഷിക്കുകയും അവിടെ നിന്നും ക്ലാസ്സ് ടീച്ചറുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ലൈബ്രേറിയൻ തസ്തിക നിലവിലില്ലെങ്കിലും ക്ലാസ്സ് ടീച്ചർ പുസ്തകവിതരണം സുഗമമായി നിർവ്വഹിക്കുന്നുണ്ട്.

## 20. പത്രങ്ങളും ആനുകാലികങ്ങളും

ജി.എൽ.പി.എസ് ൽ ഒരു പത്രവും ഒരു മാസികയും ലഭ്യമാക്കുന്നുണ്ട്. എന്നാൽ ജി.യു.പി.എസ് ൽ ആനുകാലികങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പുസ്തകങ്ങൾ ശാസ്ത്രീയമായ രീതിയിൽ സൂക്ഷിക്കുന്നില്ലെങ്കിലും ആവശ്യമായ പുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിയുന്ന വിധത്തിൽ പുസ്തകങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്.

## 21. വായനാ ശീലം പ്രോത്സാഹിപ്പിക്കുവാൻ ആവിഷ്ക്കരിച്ച പദ്ധതികൾ

വായനാ ശീലം പ്രോത്സാഹിപ്പിക്കുവാൻ പഞ്ചായത്ത് പ്രത്യേക പദ്ധതികളൊന്നും ആവിഷ്ക്കരിക്കുന്നില്ല. എങ്കിലും സ്കൂളുകളിൽ **'വായനാമൂല'** എന്ന സംവിധാനം നടപ്പിലാക്കി മുഴുവൻ വിദ്യാർത്ഥികളെയും വായനാ ലോകത്തേക്ക് കൊണ്ടുവരാൻ അദ്ധ്യാപകർ ശ്രദ്ധിക്കുന്നുണ്ട്. വായനയുടെ ഭാഗമായി എസ്.എസ്.എ ഫണ്ടുപയോഗിച്ച് വിവിധ വർഷങ്ങളിൽ വാങ്ങിയ പുസ്തകങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

പട്ടിക – 6

| സ്കൂളിന്റെ പേര് | വർഷം | പുസ്തകത്തിന്റെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| GUPS, ചെർപ്പുളശ്ശേരി | 2011–12 | 163 | 7209 |
| NNNMUPS, കാറൽമണ്ണ | 2011–12 | 53 | 3000 |
| | 2012–13 | 59 | 4500 |
| AUPS, കരുമാനാംകുറുശ്ശി | 2011–12 | 82 | 2000 |
| | 2012–13 | 59 | 2000 |
| GLPS, കരുമാനാംകുറുശ്ശി | 2012–13 | 35 | 1200 |
| ALPS, തെക്കുമുറി | 2011–12 | | 1200 |
| | 2012–13 | 103 | 1200 |
| ALPS, വടക്കുമുറി | 2011–12 | | 1001 |
| | 2012–13 | 108 | 1500 |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| BVALPS, കാറൽമണ്ണ | 2011–12 | 34 | 1000 |
| | 2012–13 | 40 | 1500 |
| ALPS, ചെർപ്പുളശ്ശേരി | 2011–12 | 67 | 1090 |
| | 2012–13 | 39 | 1000 |
| ALPS, ചെർപ്പുളശ്ശേരി സൗത്ത് | 2011–12 | 35 | 1000 |
| | 2012–13 | 38 | 1000 |
| AMLPS, ചെർപ്പുളശ്ശേരി സൗത്ത് | 2011–12 | 45 | 1000 |
| | 2012–13 | 37 | 1000 |
| ADALPS, ചെർപ്പുളശ്ശേരി | 2011–12 | 25 | 1500 |
| | 2012–13 | 76 | 1380 |
| ALPS, പന്നിയങ്കുറുശ്ശി ഈസ്റ്റ് | 2011–12 | 45 | 1314 |
| | 2012–13 | 56 | 1298 |
| AMLPS, ചെർപ്പുളശ്ശേരി നോർത്ത് | 2011–12 | 48 | 1200 |
| | 2012–13 | 58 | 1200 |

2011–12 കാലയളവിൽ **22514/– രൂപയും** 2012–13 കാലയളവിൽ **18778/– രൂപയും** ചേർത്ത് ആകെ **41292/– രൂപ** രണ്ടു വർഷങ്ങളിലായി എസ്.എസ്.എ യിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

## 22. കമ്പ്യൂട്ടർ ലാബ്

കമ്പ്യൂട്ടർ ലാബ് എന്ന സംവിധാനം നിലവിലില്ല. എന്നാൽ ജി.എൽ.പി.എസ്, കരുമാനാംകുറുശ്ശിയ്ക്ക് ഒരു കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ട്. ജി.യു.പി.എസ്, ചെർപ്പുളശ്ശേരിക്ക് 3 ലാപ്ടോപ്, 1 ഡസ്ക്ടോപ് എന്നിവ ലഭിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ പരിശീലനം ലഭിച്ച അദ്ധ്യാപകരില്ല.

## 23. കമ്പ്യൂട്ടറുകളുടെ പര്യാപ്തത

ജി.യു.പി.എസ്, ചെർപ്പുളശ്ശേരിയിലെ 395 വിദ്യാർത്ഥികൾക്കുമായി ആകെ 3 കമ്പ്യൂട്ടറുകൾ മാത്രമേ ഉള്ളൂ. ആയവ പര്യാപ്തമല്ല. ഈ കമ്പ്യൂട്ടറുകൾ ഓഫീസ് മുറിയിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ഇന്റർനെറ്റ് സൗകര്യം ജി.യു.പി.എസ് ന് അനുവദിച്ചിട്ടുണ്ടെങ്കിലും ജി.എൽ.പി.എസ് ന് അനുവദിച്ചിട്ടില്ല.

## 24. ക്ലാസ്സ് മുറികളുടെ അവസ്ഥ

ക്ലാസ്സ് മുറികൾ ആവശ്യത്തിനുണ്ട്.

- **സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിലവിലില്ല. അവ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

## 25. ഫർണിച്ചറുകളുടെ പര്യാപ്തത

ഓരോ സ്കൂളിലും ആവശ്യത്തിന് ഫർണിച്ചറുകൾ ലഭ്യമായിട്ടുണ്ട്.

വിവിധ വർഷങ്ങളിൽ വാങ്ങിയ ഫർണിച്ചറിന്റെ വിവരം താഴെ കൊടുക്കുന്നു.

പട്ടിക – 7

| സ്കൂളിന്റെ പേര് | വാങ്ങിയ ഫർണിച്ചർ | വർഷം | ഫണ്ട് ഇനം | തുക |
|---|---|---|---|---|
| ജി.യു.പി.എസ്, ചെർപ്പുളശ്ശേരി | ബഞ്ച്, ചെയർ, ഫാൻ | 2011–12 | പഞ്ചായത്ത് ഫണ്ട് | 50000 |
| | | 2011–12 | എസ്.എസ്.എ | 12000 |
| ജി.എൽ.പി.എസ്, കരുമാനാംകുറിശ്ശി | ബഞ്ച്, ചെയർ, ഫാൻ | 2011–12 | എസ്.എസ്.എ | 12000 |

LOCAL FUND AUDIT DEPARTMENT

## 26. പഠനോപകരണങ്ങൾ

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്കൂളുകളിലും മാപ്പുകൾ, ചാർട്ടുകൾ എന്നീ പഠനോപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവ പഞ്ചായത്തിൽ നിന്നുള്ള ധന സഹായത്തിൽ നിന്നല്ലെങ്കിലും പി.ടി.എ ഫണ്ട്, മറ്റു സ്രോതസ്സുകൾ എന്നിവയിലൂടെ സമാഹരിച്ചവയാണ്.

## 27. പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം

ടോയ്‌ലറ്റ് സംവിധാനം തൃപ്തികരമാണ്.

## 28. കുടിവെള്ളം, വൈദ്യുതി

കുടിവെള്ളത്തിനായി കിണർ, പൈപ്പ് കണക്ഷൻ എന്നിവ ഒരുക്കിയിട്ടുണ്ട്. ജി.എൽ.പി.എസ്, കരുമാനാംകുറുശ്ശിയിൽ കിണർ സംവിധാനം തൃപ്തികരമല്ല. ആൾമറ കെട്ടിയിട്ടില്ലാത്ത കിണർ അപകടത്തിന് സാധ്യതയുള്ളതായിട്ടുപോലും കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

## 29. ഉച്ചഭക്ഷണ പരിപാടി

ജി.യു.പി.എസ്, ചെർപ്പുളശ്ശേരിയിലെ അടുക്കള തൃപ്തികരമാണ്. ഭക്ഷണം കഴിക്കുന്നതിനുള്ള സംവിധാനമായി വരാന്തകൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

ജി.എൽ.പി.എസ്, കരുമാനാംകുറുശ്ശിയിൽ വളരെ മെച്ചപ്പെട്ട രീതിയിൽ സംവിധാനം ചെയ്ത അടുക്കളയും അതിനോടുകൂടി ചേർന്ന നീണ്ട ഹാളിൽ വിദ്യാർത്ഥികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. 47 വിദ്യാർത്ഥികൾ മാത്രമേ ഈ സ്കൂളിൽ പഠിക്കുന്നുള്ളുവെങ്കിലും 100 ൽ കൂടുതൽ കുട്ടികൾക്ക് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യമുണ്ട്.

## 30. പി.ടി.എ യുടെ പ്രവർത്തനങ്ങൾ

പി.ടി.എ സ്കൂളിന് ഗുണകരമാകുന്ന വിധത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പരിമിതികൾ നിലനിൽക്കുന്നുണ്ട്. സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ പി.ടി.എ മുഖേനയുള്ള സമിതികളാണ് ഏറ്റെടുത്തു നടത്തിയിട്ടുള്ളത്. വരവു ചെലവു കണക്കുകൾ യഥാവിധം എഴുതി സൂക്ഷിക്കുന്നുണ്ട്.

ജി.യു.പി.എസ്, ചെർപ്പുളശ്ശേരിയിൽ പി.ടി.എ മുഖേന കൂടുതൽ മെച്ചപ്പെട്ട പഠനാന്തരീക്ഷം സൃഷ്ടിക്കാമെങ്കിലും അവയ്ക്കുവേണ്ടിയുള്ള പി.ടി.എ യുടെ ഇടപെടൽ തൃപ്തികരമല്ല. പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടുപോയ ക്ലാസ്സ് മുറികൾ പൂർത്തീകരിക്കാൻ പി.ടി.എ കാര്യമായ ശ്രമവും നടത്തിയിട്ടില്ല.

## 31. വാഹന സൗകര്യം

പഞ്ചായത്തു പരിധിയിൽ സർക്കാർ/എയ്ഡഡ് മേഖലകളിലായി 14 എൽ.പി/യു.പി സ്കൂളുകൾ ഉണ്ടെങ്കിലും അതിൽ N.N.N.M.U.P സ്കൂൾ, കാറൽമണ്ണ എന്ന എയ്ഡഡ് സ്കൂളിൽ മാത്രമേ വാഹനസൗകര്യം ലഭ്യമാക്കിയിട്ടുള്ളൂ. സ്കൂൾ മാനേജർ 2003–ൽ വാങ്ങിയ 1 മിനി ബസ്സും 2012–ൽ വാങ്ങിയ 2 ജീപ്പും ഇപ്പോഴും പ്രവർത്തനസജ്ജമാണ്.

LOCAL FUND AUDIT DEPARTMENT

എയ്ഡഡ് മേഖലയിലുള്ള N.N.N.M.U.P സ്കൂളിലാണ് പഞ്ചായത്ത് പരിധിയിലെ ഗവൺമെന്റ്/എയ്ഡഡ് മേഖലയിലെ സ്കൂളുകളിലെ ആകെ കുട്ടികളിൽ 33 ശതമാനവും പഠിക്കുന്നത്. അതുകൊണ്ട് വാഹനസൗകര്യവും വിദ്യാർത്ഥികളുടെ എണ്ണവും തമ്മിൽ ബന്ധം ഉണ്ടെന്ന് വിലയിരുത്താവുന്നതാണ്.

അൺ എയ്ഡഡ് മേഖലയിലെ സ്കൂളുകൾ വാഹനസൗകര്യം ലഭ്യമാക്കി കൂടുതൽ കുട്ടികളെ ആകർഷിക്കുന്നുണ്ട്.

- **സർക്കാർ സ്കൂളുകളിൽ വാഹന സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.**

## 32. അധ്യാപക – വിദ്യാർത്ഥി അനുപാതം

പഞ്ചായത്തു പരിധിയിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം വളരെ കുറവാണ്. ഒരു അധ്യാപകന് 11 വിദ്യാർത്ഥികൾ എന്ന അനുപാതം മുതൽ 1 അധ്യാപകന് 20 വിദ്യാർത്ഥികൾ എന്ന അനുപാതം വരെയുള്ള 11 സ്ഥാപനങ്ങൾ നിലവിലുണ്ട്. 1:32 എന്ന ഉയർന്ന അനുപാതമുള്ള ഒരു സ്കൂൾ മാത്രമേ പഞ്ചായത്തിൽ നിലവിലുള്ളൂ.

## 33. അധ്യാപക /അനധ്യാപക ജീവനക്കാരുടെ എണ്ണം

പട്ടിക – 8

| സ്ഥാപനത്തിന്റെ പേര് | അധ്യാപകരുടെ എണ്ണം | | അനധ്യാപകരുടെ എണ്ണം | | ആകെ വിദ്യാർത്ഥികളുടെ എണ്ണം | അധ്യാപക-വിദ്യാർത്ഥി അനുപാതം |
|---|---|---|---|---|---|---|
| | അനുവദിച്ച തസ്തികകളുടെ എണ്ണം | നിലവിലുള്ളത് | അനുവദിച്ച തസ്തികകൾ | നിലവിലുള്ളത് | | |
| GUPS, ചെർപ്പുളശ്ശേരി | 14 | 14 | 1 | 1 | 395 | 1:28 |
| GLPS, കരുമാനാംകുറുശ്ശി | 4 | 4 | – | – | 47 | 1:12 |
| NNNMUPS, കാറൽമണ്ണ | 25 | 25 | 1 | 1 | 810 | 1:32 |
| AUPS, കരുമാനാം കുറുശ്ശി | 11 | 11 | 1 | 1 | 158 | 1:14 |
| ALPS, തെക്കുമുറി | 9 | 9 | – | – | 141 | 1:16 |
| ALPS, വടക്കുമുറി | 4 | 4 | – | – | 48 | 1:12 |

LOCAL FUND AUDIT DEPARTMENT

| | | | | | | |
|---|---|---|---|---|---|---|
| BUALPS, കാറൽമണ്ണ | 6 | 6 | – | – | 86 | 1:14 |
| ALPS, പന്നിയങ്കു റുശ്ശി വെസ്റ്റ് | 5 | 5 | – | – | 92 | 1:18 |
| ALPS, ചെർപ്പുള ശ്ശേരി | 7 | 7 | – | – | 113 | 1:16 |
| ALPS, ചെർപ്പുള ശ്ശേരി സൗത്ത് | 5 | 5 | – | – | 64 | 1:13 |
| AMLPS, ചെർപ്പുള ശ്ശേരി സൗത്ത് | 8 | 8 | – | – | 130 | 1:16 |
| ADALPS, ചെർപ്പുള ശ്ശേരി | 9 | 9 | – | – | 178 | 1:20 |
| AMALPS, ചെർപ്പുളശ്ശേരി നോർത്ത് | 5 | 5 | – | – | 121 | 1:24 |
| ALPS, പന്നിയങ്കു റുശ്ശി ഈസ്റ്റ് | 5 | 5 | – | – | 56 | 1:11 |

LOCAL FUND AUDIT DEPARTMENT

## 34. അധ്യാപക – അനധ്യാപക ജീവനക്കാരുടെ കുറവ്

യു.പി സ്കൂളിൽ ഒരു അനധ്യാപക ജീവനക്കാരന്റെ തസ്തിക ആണ് അനുവദിച്ചിട്ടുള്ളത്. 810 വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിലും ഒരു അനധ്യാപക തസ്തിക മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഇത് അധ്യാപകരുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## 35. അധ്യാപക – അനധ്യാപക ജീവനക്കാരുടെ കുറവ് പരിഹരിക്കാനുള്ള നടപടി

അനുവദിക്കപ്പെട്ട തസ്തികകൾ മുഴുവൻ നിലവിലുണ്ട്. അതുകൊണ്ടു തന്നെ പുതിയ ജീവനക്കാരെ നിയമിക്കുന്നതിനെക്കുറിച്ച് തദ്ദേശഭരണ സ്ഥാപനമോ പി.ടി.എ യോ ആലോചിച്ചിട്ടില്ല.

## 36. കൊഴിഞ്ഞു പോക്ക്

2010–11 കാലയളവു മുതൽ സ്കൂളിൽ ചേർന്ന വിദ്യാർത്ഥികളാരും തന്നെ കൊഴിഞ്ഞു പോയിട്ടില്ല.

## 37. കൊഴിഞ്ഞുപോക്ക് തടയൽ

കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിന് സ്കൂളുകൾക്ക് കഴിഞ്ഞിട്ടില്ല. വാഹന സൗകര്യം യഥേഷ്ടം ലഭ്യമാകുന്ന ടൗൺ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ജി.യു.പി സ്കൂളിലാണ് ജി.എൽ.പി യേക്കാൾ മെച്ചപ്പെട്ട രീതിയിലെങ്കിലും കുട്ടികൾ കാണപ്പെടുന്നത്.

## 38. സാമ്പത്തിക വിഭവങ്ങളുടെ പ്രയോജനപ്പെടുത്തൽ

2010–11 മുതൽ 2012–13 മുതൽ വരെയുള്ള കാലയളവുകളിൽ പഞ്ചായത്തിനു ലഭിച്ച പദ്ധതി തുക, മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് വിദ്യാലയത്തിന് മെച്ചപ്പെട്ട സംവിധാനം ഒരുക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. പൂർത്തീകരിക്കാത്ത ക്ലാസ്സ് മുറിയും കളിസ്ഥലമില്ലായ്മയും പോരായ്മയായി അവശേഷിക്കുന്നു.

## 39. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം

വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിൽ 11 അംഗങ്ങളാണ് ഉള്ളത്. വിവിധ യോഗങ്ങളിൽ 4 മുതൽ 11 അംഗങ്ങൾ വരെ പങ്കെടുക്കുന്നുണ്ട്. 2010–11 മുതൽ 2012–13 വരെയുള്ള കാലയളവുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതിന്റെ വിവരങ്ങൾ താഴെകൊടുക്കുന്നു.

പട്ടിക – 9

| *യോഗം ചേർന്ന തീയതി* | *തീരുമാനങ്ങൾ* |
|---|---|
| 27.12.10 | ഒന്നുമില്ല. |
| 29.01.11 | സാഹിത്യ ക്യാമ്പുകൾ സംഘടിപ്പിക്കുക, മൊബൈൽ വായന ശാല ആരംഭിക്കുക. |
| 28.5.13 | എല്ലാ വിദ്യാലയങ്ങളിലും നെറ്റ് കണക്ഷൻ ലഭ്യമാക്കുക, വാട്ടർ പ്യൂരിഫയർ നൽകുക, എൽ.പി/യു.പി സ്കൂളുകൾക്ക് കളിസ്ഥലം അനുവദിക്കുക, ചിൽഡ്രൻസ് പാർക്ക് ഏർപ്പെടുത്തുക. |

2010–11 കാലയളവിൽ രണ്ട് യോഗം നടന്നിട്ടുണ്ടെങ്കിലും 2011–12, 2012–13 കാലയളവുകളിൽ ഒരു യോഗം പോലും കൂടിയിട്ടില്ല. കൂടിയ യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ലാത്തത് ചർച്ച ചെയ്യുകയും ചെയ്തിട്ടില്ല.

**വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വിദ്യാഭ്യാസ നിലവാരത്തെ ഉയർത്തുവാൻ സഹായിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.**

LOCAL FUND AUDIT DEPARTMENT

## 40. പദ്ധതി ആസൂത്രണം– നടത്തിപ്പ്

വിദ്യാഭ്യാസ മേഖലയിൽ കാര്യക്ഷമമായി ഇടപെടാനും സ്കൂൾ വികസനത്തിനുള്ള പ്രൊജക്ടുകൾ ആവിഷ്ക്കരിക്കാനും പഞ്ചായത്തിന് സാധ്യത കൂടുതലുണ്ടെങ്കിലും ജി.എൽ.പി.എസ് ന് കെട്ടിട സൗകര്യം ഒരുക്കാൻ മാത്രമാണ് പഞ്ചായത്ത് ശ്രമിച്ചിട്ടുള്ളത്. ജി.യു.പി സ്കൂളിന് മെച്ചപ്പെട്ട പഠനാന്തരീക്ഷം സൃഷ്ടിക്കാൻ പഞ്ചായത്ത് കാര്യമായി ഒന്നും ചെയ്തിട്ടില്ല.

നടപ്പാക്കിയ പ്രൊജക്റ്റുകൾ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചു മാത്രമാണ് നിർവഹിച്ചിട്ടുള്ളത്.

## 41. പദ്ധതി നിർവ്വഹണ രേഖകളുടെ സൂക്ഷിപ്പ്

ഹെഡ്മാസ്റ്റർ സൂക്ഷിക്കേണ്ട ക്യാഷ് ബുക്ക്, മറ്റു രേഖകൾ എന്നിവ നിയമാനുസൃതം സൂക്ഷിക്കുന്നുണ്ട്.

## 42. പ്രത്യേക വിഭാഗങ്ങൾക്കായി ആവിഷ്ക്കരിച്ച പദ്ധതികൾ

പ്രത്യേക വിഭാഗങ്ങൾക്കായി പ്രൊജക്ടുകളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

## 43. പഞ്ചായത്ത് എസ്.എസ്.എ വിഹിതമായി നൽകിയ തുക

മെയിന്റനൻസിനായി എസ്.എസ്.എ യിലേക്ക് കഴിഞ്ഞ 2 വർഷങ്ങളിൽ തുകയൊന്നും പഞ്ചായത്ത് നൽകിയിട്ടില്ല. ഈ കാലയളവിൽ എസ്.എസ്.എ മെയിന്റനൻസിനായി തുകയൊന്നും ചെലവഴിച്ചിട്ടുമില്ല.

എസ്.എസ്.എ ഏർപ്പെടുത്തുന്ന നിർമ്മാണ പ്രവൃത്തികൾക്ക് മുൻകാലങ്ങളിൽ പഞ്ചായത്തു മുഖേന തുക അനുവദിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന് ഇതിൽ കാര്യമായ പങ്കാളിത്തം ലഭിക്കുന്നില്ല.

കഴിഞ്ഞ 3 വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് എസ്.എസ്.എ വിഹിതമായി നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

പട്ടിക – 10

| വർഷം | എസ്.എസ്.എ വിഹിതമായി നൽകിയ തുക (`) | കുറിപ്പ് |
|---|---|---|
| 2010–11 | 8,09,735 | ഈ വർഷങ്ങളിൽ എസ്.എസ്.എ ഫണ്ടുപയോഗിച്ച് ഒരു പ്രവൃത്തിയും നടന്നിട്ടില്ല. |
| 2011–12 | 0 | |
| 2012–13 | 0 | |



LOCAL FUND AUDIT DEPARTMENT

മേൽ കാണിച്ച പ്രകാരം എസ്.എസ്.എ ക്കുള്ള വിഹിതമായി പഞ്ചായത്ത് ആകെ 8,09,735/- രൂപ നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എൽ.പി/ യു.പി സ്കൂളുകളിൽ കഴിഞ്ഞ മൂന്നു വർഷമായി യാതൊരു നിർമ്മാണ പ്രവൃത്തിയും നട ന്നിട്ടില്ല. 2010-1 കാലഘട്ടത്തിൽ 3.10 ലക്ഷം രൂപ ജി.യു.പി സ്കൂളിൽ ഒരു ക്ലാസ്സ് മുറിക്ക് നൽകിയെങ്കിലും ഒന്നാം നിലയിൽ ഒരു മുറി പണിയിക്കുന്നതിനാൽ അവിടെയ്ക്കുള്ള സ്റ്റെയർ റൂം പണിയേണ്ടി വരുകയും അതുകൊണ്ട് ക്ലാസ്സ് മുറിയുടെയും സ്റ്റെയറിന്റെയും പണി പൂർത്തീകരിക്കാൻ കഴിയാതെ വരുകയും ചെയ്തിട്ടുണ്ട്. ഫലത്തിൽ 2010-11 ൽ അനുവദിക്കപ്പെട്ട ക്ലാസ്സ് റൂം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.



**2003-04 വർഷത്തിൽ എസ്.എസ്.എ പണി കഴിപ്പിത്ത കെട്ടിടം**

## 44. വിദ്യാഭ്യാസ വികസന സമിതി

വിദ്യാഭ്യാസ വികസന സമിതി രൂപീകരിക്കുകയും അവ നിയമപരമായി യോഗം ചേരുകയും ചെയ്യുന്നുണ്ട്. യോഗതീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് അടുത്ത യോഗങ്ങളിൽ വിലയിരുത്തൽ നടത്തുന്നില്ല.

## 45. നൂതനാശയ പ്രോജക്ടുകളും എസ്.എസ്.എ യും

നൂതനാശയ പ്രോജക്ടുകളൊന്നും എസ്.എസ്.എ ഏറ്റെടുത്തു നടത്തിയിട്ടില്ല.

## 46. തനതു പ്രവർത്തനങ്ങൾ

എടുത്തു പറയത്തക്ക തനതു പ്രവർത്തനങ്ങൾ ഒന്നും പി.ടി.എ, ഗ്രാമപഞ്ചായത്ത്, എസ്.എസ്.എ എന്നിവർ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

## 47. വിജയ ശതമാനം

മുഴുവൻ വിദ്യാർത്ഥികളും വിജയിക്കുന്നുണ്ട്.

## 48. സ്കൂൾ ഹെൽത്ത് പ്രോഗ്രാം

സ്കൂൾ ഹെൽത്ത് പ്രോഗ്രാം ഫലപ്രദമായി നടന്നു വരുന്നുണ്ട്.

LOCAL FUND AUDIT DEPARTMENT



# V
# നിഗമനങ്ങൾ

- സർക്കാർ/എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി കളുടെ എണ്ണം കുറഞ്ഞുവരുന്ന സ്ഥിതിവിശേഷമാണുള്ളത്.
- ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 2439 കുട്ടികളിൽ 50 % പേർ ഒരു സർക്കാർ സ്കൂളിലും ഒരു എയ്ഡഡ് സ്കൂളിലും പഠിക്കുന്നവരാണ്.
- വിദ്യാഭ്യാസ മേഖലക്കായി വകയിരുത്തുന്ന ഫണ്ട് പര്യാപ്തമല്ല.
- വിവിധ ഫണ്ടുകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള യാതൊരു പദ്ധതികളും കഴിഞ്ഞ 2 വർഷങ്ങളിൽ പഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ല.
- സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് സ്കൂളുകളുടെ അറ്റകുറ്റപണി കാര്യക്ഷമമായി നടത്തുന്നില്ല.
- എസ്.എസ്.എ വിഹിതം നൽകുകയോ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തു കയോ ചെയ്തിട്ടില്ല.
- 11–ാം പഞ്ചവത്സര പദ്ധതി കാലയളവിലും 12–ാം പദ്ധതിയുടെ തുടക്കത്തിലും ഏറ്റെടുത്ത പ്രൊജക്ടുകൾ മുഴുവൻ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.
- ജി.എൽ.പി.എസ്, കരുമാനാംകുറുശ്ശിയിൽ ഗ്രൗണ്ടിന് സ്ഥലം ലഭ്യമായിട്ടും കളിസ്ഥലം ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.
- ജി.യു.പി.എസ്, ചെർപ്പുളശ്ശേരിയിൽ പ്രോയോജനപ്പെടുത്താവുന്ന തരത്തിൽ ഗ്രൗണ്ട് സംവിധാനം ഇല്ല.
- ജി.യു.പി.എസ്, ചെർപ്പുളശ്ശേരിയിൽ കമ്പ്യൂട്ടർ സംവിധാനം പര്യാപ്തമല്ല.
- സ്കൂളുകളിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ അവ ശേഷിക്കുന്നുണ്ട്.
- ജി.യു.പി.എസ് ചെർപ്പുളശ്ശേരിയിൽ ഓട്, ഷീറ്റ് കെട്ടിടങ്ങൾ നിലവിലുണ്ട്.
- ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കുവാനുള്ള ശാസ്ത്രീയ സംവിധാനമില്ല.
- ആനുകാലികങ്ങൾ പരിമിതമായി മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഫർണ്ണീച്ചറുകൾ ആവശ്യാനുസരണം ഉണ്ട്.
- പ്രാഥമിക സൗകര്യങ്ങൾക്കുള്ള സംവിധാനം തൃപ്തികരമാണ്.

LOCAL FUND AUDIT DEPARTMENT

- പി.ടി.എ യുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- സ്വന്തമായി വാഹന സൗകര്യം ഉള്ള സർക്കാർ സ്കൂളുകൾ ഇല്ല.
- പ്രാഥമിക തലങ്ങളിൽ കൊഴിഞ്ഞുപോക്ക് ഉണ്ടാകുന്നില്ല.
- വിദ്യാഭ്യാസ മേഖലയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- നൂതനാശയമുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കുന്നില്ല.
- സ്കൂൾ ഹെൽത്ത് പ്രോഗ്രാം ഫലപ്രദമാണ്.




LOCAL FUND AUDIT DEPARTMENT

# VI

## ശുപാർശകൾ

- സർക്കാർ വിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ ആവിഷ്കരിക്കണം.
- വിദ്യാഭ്യാസ മേഖലയിൽ ആവശ്യമായ ഫണ്ട് വകയിരുത്തണം.
- വിവിധ ഫണ്ടുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൽ നടത്തണം.
- ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണം.
- ഭാഗികമായി പൂർത്തീകരിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- പഞ്ചായത്ത് നൽകിയ എസ്.എസ്.എ. വിഹിതം എത്രത്തോളം ഈ പഞ്ചായത്തിൽ വിനിയോഗിക്കപ്പെട്ടുവെന്ന് അന്വേഷണ വിധേയമാക്കേണ്ടതാണ്. എസ്.എസ്.എ ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.
- സ്കൂളുകളിൽ  കളിസ്ഥലങ്ങൾക്ക് സൗകര്യം ഏർപ്പെടുത്തണം.
- സ്കൂളിന്റെ ഓടിട്ടതും, ഷീറ്റിട്ടതുമായ കെട്ടിടങ്ങൾക്കു പകരം ഒന്നിലധികം നിലകളോടുകൂടിയ കോൺക്രീറ്റ് കെട്ടിടം പണിത് കൂടുതൽ  കളിസ്ഥലം ലഭ്യമാക്കുക.
- സർക്കാർ സ്കൂളുകളിൽ വാഹന സൗകര്യം ഏർപ്പെടുത്തി പരമാവധി യാത്രാസൗകര്യം ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ഗ്രാമസഭകളിൽ സ്കൂളിന്റെ പ്രതിനിധിയെ പങ്കെടുപ്പിച്ച് സ്കൂളിന്റെ പ്രവർത്തനത്തെ അവതരിപ്പിക്കുകയും അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അറിയിക്കുകയും ചെയ്യേണ്ടതാണ്.
- പി.ടി.എ കമ്മിറ്റി സമയാസമയങ്ങളിൽ യോഗം ചേരേണ്ടതും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതും അവ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.
- വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള നൂതനാശയ പ്രൊജക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫണ്ട് ഓഡിറ്റ് ജില്ലാ കാര്യാലയം, പാലക്കാട്**

LOCAL FUND AUDIT DEPARTMENT